# നാട്ടുചന്തയുടെ നന്മകളുമായി കാട്ടകാമ്പാലിൽ തിരുവാതിര വാണിഭം

**സി.ആർ. രാജഗോപാലൻ**

തൃശ്ശൂർ, ഡിസംബർ 18: തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ നിവാസികൾക്ക് അന്ന് ഒത്തുകൂടലിന്റെ ദിനമായിരുന്നു. മനുഷ്യത്വം ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത വിപണിയെ തൊട്ടറിയുന്ന ദിനം.

ഗ്രാമങ്ങളെ ഒരു കാലഘട്ടത്തിൽ സജീവമാക്കിയിരുന്ന ഗ്രാമചന്തയുടെ ഒരു മാതൃകയാണ് കാട്ടകാമ്പാലിൽ അരങ്ങേറിയത്. 'തിരുവാതിര വാണിഭം' എന്ന ഗ്രാമചന്ത നാട്ടുകാർ 'തിരുവാതിര വാണി' എന്നു വിളിച്ചിരുന്ന ഈ ചന്ത ധനമാസത്തിലെ തിരുവാതിരക്ക് രണ്ട് ദിവസം മുമ്പ്, രോഹിണി നാളിലാണ് എല്ലാ കൊല്ലവും നടത്തിവരുന്നത്. പ്രസിദ്ധമായ കാളി നാടകം അരങ്ങേറുന്ന കാട്ടകാമ്പാൽ ക്ഷേത്രത്തിനു പടിഞ്ഞാറു വശമുള്ള വാണിയപ്പറമ്പ് എന്ന സ്ഥലത്താണ് ആദ്യം കച്ചവടം നടത്തിയിരുന്നത്. പിന്നീട് അത് ക്ഷേത്രത്തിന്റെ വിശാലമായ പറമ്പിലേക്ക് മാറ്റി. രാവിലെ നാല് മണിക്ക് കച്ചവടം തുടങ്ങും. ദേശമംഗലം, പാലക്കാട് തുടങ്ങി പലഭാഗങ്ങളിൽ നിന്ന് കച്ചവടക്കാർ എത്തിയിരുന്നു. കാട്ടകാമ്പാൽ, പഴഞ്ഞി തുടങ്ങിയ സ്ഥലങ്ങൾ ഒരു കാർഷിക മേഖലയാണ്. അടയ്ക്കയും നെല്ലും മറ്റു കാർഷിക ഉല്പന്നങ്ങളും ധാരാളമായി കൃഷി ചെയ്തിരുന്നു. വലിയപറമ്പുകളിൽ വേനൽക്കാലത്ത് നനസ്സ് കാളത്തേക്ക് (കൊട്ടത്തേക്ക്) ആണ് ഉപയോഗിച്ചിരുന്നത്. അതിനുവേണ്ട എല്ലാ ഉപകരണങ്ങളും ഇവിടെ ലഭിച്ചിരുന്നു. നാട്ടുകാർ പഴയ ഓർമ്മകൾ അനുസ്മരിച്ചു. അതിരാവിലെ ഈ പറമ്പിൽ ഒരു ഇരമ്പൽ കേൾക്കാം. ജനങ്ങളുടെ ശബ്ദമാണ്. കാവത്ത്, ചൂല്, കമ്പക്കയറ്, ചൂടിക്കയറ്, കൊട്ട, മുറം, പായ, മഴത്തായ, ചേമ്പ്, കലക്കയറ്, നെല്ലുവിശറി, കൂവപ്പൊടി, കിഴങ്ങുവർഗ്ഗങ്ങൾ, വിത്തിനങ്ങൾ, നകം, ഉരല്, കളിപ്പാട്ടങ്ങൾ, പലഹാരങ്ങൾ തുടങ്ങി ഇവിടെ കിട്ടാത്തത് ഒന്നുമുണ്ടായിരുന്നില്ല. ആളുകൾക്ക് ആവശ്യമുള്ളത് തെരഞ്ഞ് വാങ്ങാമായിരുന്നു. തേക്ക് മാറി മോട്ടോറായപ്പോൾ കയറിന്റെ വരവ് കുറഞ്ഞു. മുൻപ് ഇവിടെ കയറിന്റെ പ്രളയമായിരുന്നു. തിരുവാതിരക്കുള്ള പുഴുക്ക്, എട്ടങ്ങാടി എന്നിവ ഉണ്ടാക്കുന്നതിനുള്ള കിഴങ്ങുവർഗ്ഗങ്ങൾ ധാരാളമായി എത്തിയിരുന്നു. കൂവപ്പൊടി, ചൂല്, ചക്കര, കുട്ടയും മുറവും തുടങ്ങിയ വിഭവങ്ങൾ പ്രധാനമായും സ്ത്രീകളാണ് വിറ്റഴിച്ചിരുന്നത്. പാടത്ത് 'നടവ്' (ഞാറു നടൽ) തുടങ്ങുന്ന കാലവുമായിരുന്നു ധനമാസം. നടവ് കഴിഞ്ഞ് സ്ത്രീകൾ കൂട്ടമായി ചന്തയിൽ വന്ന് നാട്ടു സാമാനങ്ങൾ വാങ്ങുന്ന കാഴ്ച ഇക്കൊല്ലം ഉണ്ടായില്ല. വെള്ളമില്ലാത്തതിനാൽ നടവ് തുടങ്ങിയിട്ടില്ലെന്ന് അവർ പറഞ്ഞു. ഇന്ന് വിഭവങ്ങളുടെ വരവ് കുറഞ്ഞിട്ടുണ്ട്. 'അടുത്ത കൊല്ലം കണ്ടറിയണം'.

കൈവേലക്കാരും കൃഷിക്കാരും മറ്റ് പണിയാളസമൂഹങ്ങളും സന്ധിച്ചിരുന്ന ഈ വെളുപ്പാൻകാല'വാണി' നിലനിർത്തുന്നതിന് കാട്ടകാമ്പൽ ഭഗവതി ക്ഷേത്രസമിതിക്ക് താൽപര്യമുണ്ട്. ഈ നാട്ടുചന്തയെ പ്രോത്സാഹിപ്പിക്കുവാൻ പൊതുജനങ്ങളുടെ ഒരു കൂട്ടായ്മ ഉടനെത്തന്നെ കാട്ടകാമ്പലിൽ നടക്കുന്നുണ്ട്. എല്ലാ നാട്ടുനൈപുണ്യങ്ങളും വിത്തിനങ്ങളും ചോർന്ന് പോകുമ്പോൾ നന്മയെ മാത്രം ലാക്കാക്കി പ്രവർത്തിച്ചിരുന്ന നാട്ടാരുടെ ഇത്തരം ചന്തകൾ ദേശത്തിന്റെ പ്രകൃതി വിഭവങ്ങളുടെ കേന്ദ്രമായി മാറേണ്ടിയിരിക്കുന്നു. സ്വാശ്രയ സങ്കല്പത്തിന്റെ വേരുകൾ ചന്തയിൽ നിന്നാരംഭിക്കുന്നു.

## നാട്ടറിവുകൾ കാക്കുന്ന ഗ്രാമചന്തകൾ

കേരളത്തിലെ ഗ്രാമങ്ങളെ ഒരു കാലത്ത് സജീവമാക്കിയിരുന്ന നാട്ടുനന്മയായിരുന്നു ചന്തകൾ. ഓരോ ദേശത്തിന്റെ നാട്ടുവഴികൾ സന്ധിക്കുന്നിടത്ത് ആ കരയുടെ വിഭവങ്ങൾ എത്തിച്ചേരുന്ന ചെറുചന്തകളും വൻചന്തകളും ഉണ്ടായിരുന്നു. വഴി വാണിഭം, അന്തിച്ചന്ത, ആഴ്ചചന്ത, ഓണച്ചന്ത, വിഷുച്ചന്ത, പൂരച്ചന്ത എന്നിങ്ങനെ പല പേരുകളിലറിയപ്പെട്ടിരുന്ന ചന്തകളും ഉപഭോക്താക്കളെ വഞ്ചിക്കുകയും മാസ്മരമായ ചതിയിലേക്ക് നയിക്കുകയും ചെയ്യുന്ന സ്ഥാപനാധിഷ്ഠിതമായ സൂപ്പർമാർക്കറ്റുകളും രണ്ട് മൂല്യവ്യവസ്ഥകളെയാണ് പ്രതിനിധീകരിക്കുന്നത്. ഒരു നാട്ടുചന്തയിൽ അനൗപചാരികമായ നാട്ടുസംസ്കാരങ്ങളുടെ കേളീരംഗമാണുള്ളത്. അവിടെ ആവിഷ്കരിക്കുന്ന ഭാഷയും അവിടെ വന്നുചേരുന്ന ആളുകളും നഷ്ടപ്പെട്ടുപോയ്ക്കൊണ്ടിരിക്കുന്ന കാർഷികസംസ്കാരത്തിന്റെ സജീവസാന്നിദ്ധ്യമാണ്. വിത്തുകളും പണിയായുധങ്ങളും നാടൻ കൈവേലകളും ഗൃഹോപകരണങ്ങളും നാട്ടുപലഹാരങ്ങളും കായ് കനികളും കൈമാറിയിരുന്നത് ഇത്തരം ചന്തകളിലായിരുന്നു. ഇന്നും അപൂർവ്വമായി ചില ചന്തകളിൽ വിഭവങ്ങളുടെ പരസ്പരമുള്ള കൈമാറ്റം (ബാർട്ടർ) പോലും നടക്കുന്നുണ്ട്. വിഭവങ്ങൾക്കു പുറമെ, നാടോടി സർക്കസ്, നാടോടി സംഗീതം, ജാലവിദ്യ, കളിപ്പാട്ടങ്ങളുടെ വില്പന എന്നിവയും ചന്തകളിൽ വന്നും പോയും കൊണ്ടിരുന്നു. ഒറ്റമൂലി ചികിത്സയും, തനി നാട്ടുമരുന്നുകളുടെ കച്ചവടവും ഇത്തരം ചന്തകളിലുണ്ട്. എത്തിച്ചേരുന്ന കായ് കനികളിൽ മിക്കവാറും കീടനാശിനി-വിഷപ്രയോഗങ്ങളില്ലാത്തവയുമുണ്ടായിരുന്നു. ഇന്ന് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന നനക്കിഴങ്ങ്, നാടൻ വാഴ ഇനങ്ങൾ, കൂവപ്പൊടി, തൊവര തുടങ്ങിയവയും നിങ്ങൾക്കിവിടെ ലഭിക്കും. മൺപാത്രങ്ങളുടെ വലിയൊരു ശേഖരം തന്നെയുണ്ടായിരിക്കും. കാലിച്ചന്തകളിലാണെങ്കിൽ നാടൻ പശു- എരുമ-മൂരി ഇനങ്ങളും ഉണ്ടാകും; അറവുമാട്ടുകൾ എന്ന രീതിയിലേക്ക് പല ചന്തകളും മാറിക്കൊണ്ടിരിക്കുകയാണെങ്കിലും കാർഷിക-വീട്ടാവശ്യങ്ങൾക്കുള്ള നാടൻ ഇനങ്ങൾ വാണിയംകുളം ചന്തയിലും പെരുമ്പിലാവ് ചന്തയിലുമുണ്ട്. ഇവിടെ വരുന്ന ഗ്രാമീണർ നാട്ടുവിജ്ഞാനങ്ങളുടെ ആശാന്മാരാണ്. അവർക്ക് കന്നുകാലി അറിവുകളും, കാർഷിക അറിവുകളും വിത്തുസംരക്ഷണ വിധികളും, നനക്കണക്കുകളും, നാട്ടുമരുന്ന് ചികിത്സകളും, നാട്ടുപാചകവും അറിയാം. ഈ നാട്ടറിവിന്റെ കനികളാണ് നാട്ടുചന്തകളിൽ കൈമാറിപ്പോന്നത്. കേരളം ഒരു സൂപ്പർ മാർക്കറ്റ് മനോഭാവത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, നമുക്ക് ടേതല്ലാത്ത ഉല്പന്നങ്ങൾ വിപണി കയ്യടക്കുമ്പോൾ ഇത്തരം നാട്ടുചന്തകൾ ഗ്രാമീണസംസ്കാരത്തിന്റെ സംരക്ഷണവേദികളായി മാറേണ്ടിയിരിക്കുന്നു. നാട്ടുല്പന്നങ്ങളും കൈവേലകളും സംരക്ഷിക്കുന്നതുവഴി ആഗോളവൽക്കരണത്തെയാണ് പ്രതിരോധിക്കുന്നത്.